**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 399** **10-08-2021 - ൽ മറുപടിയ്ക്ക്**

**പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ പാൽ കേരളത്തിൽ വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വിപണനം നടത്തുന്ന പാലിലോ പാലുല്പന്നങ്ങളിലോ മായം കണ്ടെത്തുന്ന പക്ഷം ആയത് ബന്ധപ്പെട്ട ചുമതലയുള്ള ഫുഡ്സേഫ്റ്റി ഓഫീസർമാർക്ക് കൈമാറുന്നു. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖാന്തരം നിരന്തര പരിശോധനകളും നടത്തി വരുന്നുണ്ട്. കൂടാതെ ആഘോഷ വേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധനകൾ നടത്തി വരുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ഇത്തരത്തിലുള്ള പരിശോധനകൾ നടത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഉപഭോക്താക്കളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന രാസവസ്തുക്കൾ പാലിൽ ചേർത്തിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷാവസരങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, |

| | | | |
|---|---|---|---|
| | | | കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. കൂടാതെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളിലെ മായം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിവ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. |
| (സി) | പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നടപ്പുവർഷം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പാലിന്റെയും പാലുൽപന്നങ്ങളുടെയും ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നടപ്പുവർഷം ചുവടെ ചേർക്കുന്ന ഉൽപ്പന്നങ്ങൾക്കെതിരെ 18 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. Cow Milk, Eranad (കൊല്ലം ജില്ല), Milk Thattu, (തിരുവനന്തപുരം), Ghee (2 Nos.) (ആലപ്പുഴ ജില്ല), Butter Milk & Ghee, Milk Powder, Kulfi (കോഴിക്കോട് ജില്ല), തൈര് (വയനാട് ജില്ല), Milk-1, Dairy Whitener-2, Ghee-3, (എറണാകുളം ജില്ല), Hima Milk, Menma Milk, Kerala Milk (ഇടുക്കി ജില്ല) |
| (ഡി) | ഗുണനിലവാരമില്ലാത്ത പാലിന്റെയും പാലുല്പന്നങ്ങളുടെയും കാര്യത്തിൽ ഭക്ഷ്യ സുരക്ഷ നിയമ പ്രകാരം നിയമ നടപടി സ്വീകരിക്കുവാൻ ക്ഷീര വികസന വകുപ്പിന് അധികാരമുണ്ടോ; വിശദമാക്കുമോ; | (ഡി) | ഇല്ല. ഗുണനിലവാരമില്ലാത്ത പാലിന്റെയും പാലുല്പന്നങ്ങളുടെയും കാര്യത്തിൽ ഭക്ഷ്യ സുരക്ഷ നിയമ പ്രകാരം നിയമ നടപടി സ്വീകരിക്കുവാൻ ക്ഷീര വികസന വകുപ്പിന് നിലവിൽ അധികാരമില്ല, കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. |
| (ഇ) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിയമ നടപടി സ്വീകരിക്കാനുള്ള അധികാരം ക്ഷീരവികസന വകുപ്പിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം കേന്ദ്ര നിയമമായതിനാൽ ഭക്ഷ്യസുരക്ഷാ സംബന്ധിച്ചുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) യിൽ നിക്ഷിപ്തമാണ്. ആയതിനാൽ ഇതിന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ